# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2345

08-12-2015-ൽ മറുപടിക്ക്

### യുവ സംരംഭക സംഗമങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ. വി.ശശി | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ എത്ര തവണ യുവസംരംഭക സംഗമങ്ങൾ സംഘടിപ്പിച്ചു ; | (എ) യുവ വിദ്യാർത്ഥി സംരംഭകർക്കായി 2014 സെപ്റ്റംബർ 12ന് യുവസംരംഭകത്വ സംഗമവും, 2015 സെപ്റ്റംബർ 12ന് യെസ് ക്യാൻ സംഗമവും സംഘടിപ്പിച്ചു. പ്രസ്തുത രണ്ട് സംഗമങ്ങളും വിദ്യാർത്ഥി യുവസംരംഭകരിൽ സംരംഭകത്വ അവബോധം വളർത്തുക,, അവരുടെ നൂതന ആശയങ്ങളുടെ സാക്ഷാത്കാരത്തിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക തുടങ്ങിയ ഉദ്ദേശ്യങ്ങളോടു കൂടിയാണ് സംഘടിപ്പിച്ചത്. |
| (ബി) പ്രസ്തുത സംഗമത്തിൽ പങ്കെടുത്ത എത്ര പേർ പുതിയ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട് ; | (ബി) നൂതന സംരംഭകത്വ ആശയങ്ങളുമായി ഏകദേശം നാലായിരത്തോളം വിദ്യാർത്ഥി യുവസംരംഭകർ 2014 ൽ നടന്ന യുവ സംരംഭകത്വ സംഗമത്തിലും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള തിരഞ്ഞെടുക്കപ്പെട്ട 1500 ഓളം വിദ്യാർത്ഥി യുവസംരംഭകർ 2015ൽ നടന്ന യെസ് ക്യാനിലും പങ്കെടുക്കുകയുണ്ടായി. സംരംഭകത്വ ആശയങ്ങളെ യാഥാർത്ഥ്യമാക്കുന്നതിലേയ്ക്കായി കെ.എസ്.ഐ.ഡി.സി.യിൽ ലഭിച്ച നൂതന ആശയങ്ങളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട 18 യുവ സംരംഭകർക്ക് കെ.എസ്.ഐ.ഡി.സി യിൽ നിന്നു ധനസഹായം അനുവദിച്ചിട്ടുണ്ട്. കൂടാതെ, കൊച്ചിയിലുള്ള കെ.എസ്.ഐ.ഡി.സി.യുടെ ഇൻകുബേഷൻ സെന്ററിൽ 15 യുവസംരംഭങ്ങൾ പ്രവർത്തിച്ചു വരുന്നു. |

ഇവയ്ക്ക് പുറമെ കെ.എസ്.ഐ.ഡി.സി യുടെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തെ വിവിധ കോളേജുകളിൽ ആരംഭിച്ചിട്ടുള്ള ഇൻകുബേഷൻ സെന്ററുകളിലും, കേരള സ്റ്റാർട്ടപ്പ് മിഷന്റെ നേതൃത്വത്തിലുള്ള ഇൻകുബേഷൻ സെന്ററുകളിലും യുവ സംരംഭകരുടെ സംരംഭങ്ങൾ പ്രവർത്തിച്ചു വരികയാണ്.

**(സി)** പുതിയ യുവസംരംഭകർക്ക് നൽകി വരുന്ന സഹായങ്ങൾ എന്തെല്ലാ മാണെന്ന് വിശദമാക്കുമോ ?

യുവ സംരംഭക സംഗമത്തിൽ പങ്കെടുത്ത യുവസംരംഭകർ മുന്നോട്ട് വച്ച അടിസ്ഥാന ആവശ്യങ്ങൾ ഇൻക്യുബേഷൻ സ്പേസ്, മെന്ററിംഗ്, ആശയങ്ങൾ സമർപ്പിക്കുന്നതി നുള്ള അവസരം, സാമ്പത്തിക സഹായം എന്നിവയാണ് മേൽ പറഞ്ഞ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി സ്വീക രിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

- **സാമ്പത്തിക സഹായം**

  യുവ സംരംഭകർക്ക് ആവശ്യമായ സാമ്പ ത്തിക സഹായം ലഭ്യമാക്കുന്നതിനായി കെ.എസ്.ഐ.ഡി.സിയിൽ ഒരു സീഡ് ഫണ്ടിങ്ങ് സ്കീം ആരംഭിച്ചിട്ടുണ്ട്. വിദ്യാർത്ഥി / യുവസംരംഭകരിൽ നിന്നും സമാഹരിച്ച തിരഞ്ഞെടുക്കപ്പെട്ട പതിന ഞ്ചോളം ആശയങ്ങൾക്ക് ഇതിനോടകം സാമ്പത്തിക സഹായം ലഭ്യമാക്കി കഴിഞ്ഞു, കൂടുതൽ വിദ്യാർത്ഥി / യുവസംരംഭകരുടെ നൂതന ആശയ ങ്ങൾക്ക് സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോ ഗമിച്ചു വരുന്നു .

- **മെന്ററിംഗ്**

  ആവശ്യമായ മെന്ററിംഗ് നൽകുന്നതി ലേയ്ക്കായി കെ.എസ്.ഐ.ഡി.സി., ടൈ, സി.ഐ.ഐ എന്നീ ഏജൻസികളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് ഒട്ടാകെയുള്ള എഞ്ചിനീയറിംഗ് ഇതര കോളേജ് വിദ്യാർത്ഥികളിൽ സംരംഭകത്വ ആഭിമുഖ്യം വളർത്തി എടുക്കുന്നതിനായി ശില്പശാലകളും, സെമിനാറുകളും സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഇതിന്റെ ഭാഗമായി കൊല്ലം ടി.കെ.എം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ്

മാനേജ്മെന്റ്, കോഴിക്കോട് എൻ.ഐ.റ്റി, എറണാകുളം രാജഗിരി ബിസിനസ് സ്കൂൾ തുടങ്ങിയ സ്ഥാപനങ്ങളിൽ സംരംഭകത്വ വികസന ക്ലാസുകൾ സംഘടിപ്പിക്കുകയുണ്ടായി. കേരള പോലീസുമായി സഹകരിച്ച് തിരഞ്ഞെ ടുക്കപ്പെട്ട സ്റ്റുഡൻന്റ് പോലീസ് കേഡറ്റുകൾക്ക് സംരംഭകത്വത്തിൽ അവബോധവും പരിശീലനവും നല്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു.

- ഇൻക്യുബേഷൻ സ്പേസ് / സ്കിൽ ഡവലപ്മെന്റ് സെന്റർ യുവസംരംഭകർക്കായി എറണാകുളം ജില്ലയിൽ കെ.എസ്.ഐ.ഡി.സിയുടെ ഇൻക്യുബേഷൻ സെന്റർ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. കെ.എസ്.ഐ.ഡി.സി.യുടെ ആഭിമുഖ്യത്തിൽ എരുമേലി എം.ഇ.എസ് കോളേജിൽ ഒരു സ്കിൽ ഡവലപ്മെന്റ് സെന്റർ സ്ഥാപിക്കുകയുണ്ടായി. ചങ്ങനാശ്ശേരി അസംപ്ഷൻ കോളേജ്, കൊല്ലം ടി.കെ.എം. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് എന്നിവിടങ്ങളിൽ കെ.എസ്.ഐ.ഡി.സി.യുടെ സഹകരണത്തോടു കൂടി നിർമ്മിച്ച ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. ഇൻകുബേഷൻ സെന്റർ പ്രവർത്തന സജ്ജമാക്കുന്നതിന് കെ.എസ്.ഐ.ഡി.സി.യിൽ നിന്നും സഹായം അഭ്യർത്ഥിച്ചിട്ടുള്ള നോൺ ഐ.റ്റി വിഭാഗത്തിൽപ്പെട്ട കോളേജുകൾക്ക് ആവശ്യമായ സഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

ഇതു കൂടാതെ, രാജ്യത്തെ തന്നെ സംരംഭകത്വ വികസന രംഗത്ത് പ്രഗൽഭരായ ഇന്ത്യൻ ഏയ്ഞ്ചൽ നെറ്റ് വർക്കുമായി സഹകരിച്ച്, വിദ്യാർത്ഥി യുവസംരംഭകരുടെ സംരംഭകത്വ വികസനത്തിനായുള്ള കൂടുതൽ പദ്ധതികൾ ആവിഷ്കരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ